"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് കറ്റാനശ്ശേരി എ.യു.പി. സ്കൂളിലെ 2024-25 വർഷത്തെ തസ്തിക നിർണ്ണയത്തിനെതിരെ സ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

**സ.ഉ.(സാധാ) നം.2525/2025/GEDN തീയതി,തിരുവനന്തപുരം, 08-04-2025**

---

പരാമർശം:- 1. പാലക്കാട് കറ്റാനശ്ശേരി എ.യു.പി. സ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ച 01/11/2024 തീയതിയിലെ പുന:പരിശോധനാ ഹർജി.

2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 03/02/2025 തീയതിയിലെ ആർഎ1/24552/2024/ഡിജിഇ നമ്പർ കത്ത്.

<u>ഉത്തരവ്</u>

പാലക്കാട് കറ്റാനശ്ശേരി സ്കൂളിലെ 2024-25 വർഷത്തെ തസ്തിക നിർണ്ണയത്തിൽ യു.പി.എസ്.ടി-5, ജെ.എൽ.ടി.അറബിക്(യു.പി) -1 എന്നീ തസ്തികകളാണ് അധികമായി ശിപാർശ ചെയ്തിട്ടുള്ളതെന്നും, 13 ക്ലാസ്സ് മുറികൾ കൂടി പ്രവർത്തനക്ഷമമാവുമ്പോൾ ഇപ്പോൾ ശിപാർശ ചെയ്തിട്ടുള്ള തസ്തികകൾക്കു പുറമേ ജെ.എൽ.ടി.അറബിക് (എൽ.പി)-1 തസ്തിക കൂടി ശിപാർശ ചെയ്യണം എന്നും കൂടാതെ, 2024-25-ലെ തസ്തികനിർണയത്തിന് ഇപ്പോൾ പരിഗണിച്ചിട്ടുള്ള 15 ക്ലാസ്സ് മുറികൾക്കുപുറമേ എ.എക്സി: നൽകിയ 07:05.2024, 30.09.2024 എന്നീ തീയതികളിലെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പ്രകാരം 9+8 = 17 ക്ലാസ് മുറികൾ കൂടി സ്കൂളിൽ അധികമായി ലഭ്യമാകുന്നതിനാൽ ടി ക്ലാസ് മുറികൾ കൂടി കണക്കിലെടുത്ത് 2024-25 വർഷം അധിക ഡിവിഷനും, തസ്തികയും അനുവദിക്കണം എന്നും ആവശ്യപ്പെട്ട് സ്കൂൾ മാനേജർ സർക്കാരിൽ പരാമർശം (1) പുന:പരിശോധനാ ഹർജി സമർപ്പിച്ചു.

**2)** 2024-25 വർഷത്തെ തസ്തിക നിർണ്ണയവുമായി ബന്ധപ്പെട്ട് പ്രസ്തുത സ്കൂളിൽ പുതിയതായി നിർമിച്ച 15 ക്ളാസ് റൂമുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് മുൻ വർഷം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറിൽ നിന്നും ലഭ്യമാക്കി സമർപ്പിച്ചിരുന്നുവെങ്കിലും കെട്ടിട നിർമാണത്തിനു വകുപ്പിന്റെ അനുമതി വാങ്ങിയിരുന്നില്ല എന്ന കാരണത്താൽ അധിക തസ്തികകൾ അനുവദിച്ചു നല്കിയിരുന്നില്ല എന്നും തുടർന്ന്, പ്രസ്തുത കെട്ടിടത്തിന് അനുമതി നൽകികൊണ്ടുള്ള പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അനുമതിപത്രം ലഭ്യമായ സാഹചര്യത്തിൽ പ്രസ്തുത സ്കൂളിൽ നിലവിൽ അനുമതിയോടെ ഫിറ്റ്നെസ്സുള്ള 15 റൂമുകളിൽ 2 റൂമുകൾ എക്സ്ട്രാ സ്പേസ് ആയി മാറ്റിവെച്ചശേഷം ബാക്കി 13 റൂമുകൾ കണക്കാക്കി,

ഫിറ്റ്നെസ്സുള്ള ലഭ്യമായ കെട്ടിടസൌകര്യം, ആറാം പ്രവൃത്തിദിവസത്തെ യു.ഐ.ഡി. ഉള്ള കുട്ടികളുടെ എണ്ണം എന്നിവ പരിശോധിച്ച് പ്രധാനാധ്യാപകൻ-1, യു.പി.എസ്.ടി-8 (5 അധിക തസ്തികയടക്കം), എൽ.പി.എസ്.ടി-4, എച്ച്.ടി.വി-1, ജൂനിയർ ഹിന്ദി-1, ജൂനിയർ സംസ്കൃതം (പി.ടി )-1, ജൂനിയർ ഉർദു (പി.ടി)-1, ജൂനിയർ അറബി(യു.പി)-2 (1 അധികതസ്തിക അടക്കം), ഓഫീസ് അറ്റൻഡന്റ്-1 എന്നീ ഡിവിഷനുകളും തസ്തികകളും ചെർപ്പുളശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അനുവദിച്ച് നൽകിയെന്നും എന്നാൽ, വിദ്യാർത്ഥികളുടെ അംഗസംഖ്യ പരിഗണിച്ച് എൽ.പി/യു.പി വിഭാഗങ്ങളിലായി 23 ഡിവിഷനുകൾക്ക് അർഹതയുണ്ടെങ്കിലും അനുമതിയുള്ള കെട്ടിടങ്ങളുടെ കണക്കുപ്രകാരം 13 ക്ലാസ് മാത്രമാണ് ലഭ്യമായിരുന്നത് എന്നതിനാൽ മുൻവർഷത്തിൽ നിന്നും അധികമായി 5 യു.പി ഡിവിഷനുകളും 5 യു.പി.എസ്.ടി തസ്തികകളും 1 ജൂനിയർ അറബിക് (യു.പി ) തസ്തികയും ശിപാർശ ചെയ്തിരുന്നു എന്നും, മുൻവർഷത്തെ തസ്തികനിർണയത്തിൽനിന്നും വിദ്യാർത്ഥികളുടെ വർധന മൂലം ഹിന്ദി ഡിവിഷനുകൾ കൂടുന്നതിനാൽ പാർട്ട് ടൈം ജൂനിയർ ഹിന്ദി തസ്തിക ഫുൾ ടൈമായി അംഗീകരിച്ചിട്ടുണ്ടെന്നും, കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ജൂനിയർ അറബിക് (യു.പി)-2 തസ്തികയേ അനുവദിക്കുവാൻ കഴിയുകയുള്ളൂ എന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്

3) കൂടാതെ, ഡിവിഷൻ കാൽക്കുലേഷൻ സമന്വയ പ്രകാരം ഓട്ടോമാറ്റിക്കായി ജനറേറ്റ് ചെയ്യപ്പെടുന്നതിനാൽതന്നെ ജൂനിയർ ലാംഗ്വേജ് (എൽ.പി) തസ്തിക അനുവദിക്കുവാൻ നിർവ്വാഹമില്ലെന്നും, 07.05.2024, 30.09.2024 എന്നീ തിയ്യതികളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ഒപ്പുവച്ച് സമർപ്പിച്ച ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റുകളിൽ റൂമുകളുടെ എണ്ണം വേർതിരിച്ച് കാണിക്കുകയോ. ക്ലാസ്സുകൾ വേർതിരിച്ച് കാണിക്കുകയോ ചെയ്തിട്ടില്ലാത്തതിനാലും കെട്ടിട നിർമ്മാണത്തിന് വിദ്യാഭ്യാസ വകുപ്പിന്റെ മുൻകൂർ അനുമതി വാങ്ങിക്കാതിരുന്നതിനാലുമാണ് പ്രസ്തുത കെട്ടിടങ്ങൾ തസ്തിക നിർണ്ണയത്തിന് പരിഗണിക്കാതിരുന്നതെന്നും, മാനേജർ സമർപ്പിച്ച ഫിറ്റ്നസ്സിന്റെ അടിസ്ഥാനത്തിൽ സ്കൂൾ സന്ദർശിക്കുകയും 07.05.2024, 30.09.2024 തിയ്യതികളിലെ ഫിറ്റ്നസ്സുകൾ, ക്ലാസ്സ് റൂമുകൾ കാണിച്ച് പുതുക്കി സമർപ്പിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിലും, 23 ക്ലാസ്സ് റൂമുകൾ വേർതിരിച്ചിട്ടുള്ളതായി കാണുന്നതിനാൽ പുതിയ കെട്ടിട നിർമ്മാണത്തിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ആയത് പരിഗണിച്ച് അധിക തസ്തിക ശിപാർശ ചെയ്യാൻ കഴിയുകയുള്ളൂ എന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ടി സ്കൂളിൽ നിലവിലുണ്ടായിരുന്ന കെട്ടിടസൗകര്യത്തിലെ ഫിറ്റ്നെസ്സുള്ള 15 റൂമുകളിൽ 2 റൂമുകൾ എക്സ്ട്രാ സ്പേസ് ആയി മാറ്റിവെച്ചശേഷം ബാക്കി 13 റൂമുകൾ കണക്കാക്കി 2024-25 വർഷം തസ്തികനിർണ്ണയം ചെയ്യുകയും, ഒരു പ്രധാനാധ്യാപക തസ്തികയും, 8 യുപിഎസ്റ്റി തസ്തികയും(5 അധിക തസ്തികയടക്കം), 4 എൽപിഎസ്റ്റി തസ്തികയും, അനുബന്ധ തസ്തികകളും അനുവദിക്കുകയും ചെയ്തിരുന്നു. വകുപ്പിൽ നിന്നും മുൻകൂർ അനുമതി വാങ്ങാതെ ടി സ്കൂളിൽ പുതിയ കെട്ടിടം പണിയുകയും അതിന് 07.05.2024, 30.09.2024 എന്നീ

തിയ്യതികളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തിട്ടുണ്ട്. വകുപ്പിൽ നിന്നും മുൻകൂർ അനുമതി വാങ്ങാതിരുന്നതിനാൽ ടി കെട്ടിടം 2024-25 വർഷത്തെ തസ്തികനിർണ്ണയത്തിന് പരിഗണിച്ചിരുന്നില്ല. എന്നാൽ, വകുപ്പിൽനിന്നും മുൻകൂർ അനുമതി വാങ്ങാതെ ടി സ്കൂളിൽ പുതിയ കെട്ടിടം നിർമ്മിച്ച നടപടി പൊതുവിദ്യാഭ്യാസ ഡയറക്ടർ മാപ്പാക്കി നൽകിയതിനാൽ ടി കെട്ടിത്തിൽ ലഭ്യമായ ക്ലാസ്സ് മുറികൾ കൂടി ഉൾപ്പെടുത്തി ടി സ്കൂളിലെ 2023-24 വർഷത്തെ തസ്തിക നിർണ്ണയം പുതുക്കി നൽകുവാൻ ടി സ്കൂൾ മാനേജർ സമർപ്പിച്ച പുന:പരിശോധനാ ഹർജിയിന്മേൽ സ.ഉ.(സാധാ)നം.208/2025/പൊവിവ തീയതി 08/01/2025 പ്രകാരം സർക്കാർ നിർദേശം നൽകിയിട്ടുണ്ട്.

5) മേൽ സാഹചര്യത്തിൽ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ 07/05/2024, 01.10.2024, 20/11/2024 തീയതികളിലെ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റുകൾ പ്രകാരം ആയത് സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കി, പുതിയ കെട്ടിടത്തിലെ ക്ലാസ്സ് മുറികൾ കൂടി പരിഗണിച്ച്, ടി സ്കൂളിന്റെ 2024-25 വർഷത്തെ തസ്തിക നിർണ്ണയം പുതുക്കി കുട്ടികളുടെ എണ്ണത്തിനും അക്കോമഡേഷനും അനുസരിച്ചുള്ള ഡിവിഷനും തസ്തികകളും അനുവദിക്കുന്നതിന് ചെർപ്പുളശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി, സ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ച പരാമർശം (1) പുന:പരിശോധനാ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
REENA O
അണ്ടർ സെക്രട്ടറി

പകർപ്പ്:-

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ചെർപ്പുളശ്ശേരി
മാനേജർ, എ.യു.പി. സ്കൂൾ, കറ്റാനശ്ശേരി, പാലക്കാട്.
പ്രഥമാദ്ധ്യാപകൻ, എ.യു.പി. സ്കൂൾ, കറ്റാനശ്ശേരി, പാലക്കാട്.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്(B3/339/2024/GEdn)

ഉത്തരവിൻ പ്രകാരം

Signed by
Shahnakumari S L
Date: 08-04-2025 12:14:11

സെക്ഷൻ ഓഫീസർ